# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം.539 | 24/07/2015- ൽ മറുപടിക്ക്

## ജീവനക്കാർക്കാർക്കുള്ള ഇ.എസ്.ഐ. ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ**<br>**,, പി.കെ.ഗുരുദാസൻ**<br>**ഡോ.ടി.എം.തോമസ് ഐസക്**<br>**ശ്രീ.കെ.ദാസൻ** | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ മന്ത്രി) |
| എ) ഇ.എസ്.ഐ. പദ്ധതി മുഖേന സ്വകാര്യ- പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ; | എ) ഇ.എസ്.ഐ. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ചികിത്സാനുകൂല്യം, രോഗാനുകൂല്യം, അവശതാനുകൂല്യം, പ്രസവാനുകൂല്യം, ആശ്രിതാനുകൂല്യം, ശവസംസ്കാരത്തിനുള്ള ആനുകൂല്യം എന്നിവ നൽകിവരുന്നുണ്ട്. |
| ബി) പദ്ധതിക്കുള്ള തുക ആരാണ് വഹിച്ചിരുന്നതെന്നും നിലവിൽ അതിന് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ അത് എന്താണെന്നും വിശദമാക്കാമോ; | ബി) പദ്ധതിക്കാവശ്യമായ ചെലവ് ഇ.എസ്.ഐ. കോർപ്പറേഷനും സംസ്ഥാന സർക്കാരും സംയുക്തമായിട്ടാണ് വഹിച്ചുവരുന്നത്. ഇ.എസ്.ഐ. കോർപ്പറേഷൻ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ട് പദ്ധതി നടത്തിപ്പിന്റെ 7/8 ഭാഗം ഇ.എസ്.ഐ. കോർപ്പറേഷനും 1/8 ഭാഗം സംസ്ഥാന സർക്കാരും വഹിച്ചുവരുന്നു. ചെലവു വഹിക്കുന്നതിന്റെ ഈ ആനുപാതത്തിൽ മാറ്റം വരുത്തിയിട്ടില്ല. |
| സി) പദ്ധതി പ്രകാരമുള്ള ആനുകൂല്യം തൊഴിലാളികൾക്ക് തുടർന്നും ലഭിക്കാനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | സി) ഇ.എസ്.ഐ പദ്ധതിപ്രകാരം നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ നിലവിലും തുടർന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ